138 (282) സഹകരണ മെഡിക്കൽ കോളേജുകൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ മെഡിക്കൽ കോളേജുകളും എൻജിനീയറിംഗ് കോളേജുകളും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ എറണാകുളത്ത് സഹകരണ മേഖലയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന പണം ഇതു പോലെയുള്ള ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത് നിയമാനുസൃതമാണോ;

(ഡി) ഇതിന്റെ നിയമവശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും പങ്കാളിത്തത്തിലും സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലും രജിസ്റ്റർ ചെയ്തിരിക്കുന്ന കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേരള) എന്ന സ്ഥാപനത്തിന്റെ കീഴിൽ എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. എറണാകുളത്ത് മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന പണം ബാങ്കിംഗ് റഗുലേഷൻ ആക്ടിനും കെ.സി.എസ്.ആക്ട് റൂൾ, സംഘം ബൈലാ എന്നിവയ്ക്ക് വിധേയമായും മാത്രമേ വിനിയോഗിക്കാവൂ. സംഘത്തിന്റെ അറ്റലാഭം സഹകരണ നിയമത്തിനും സംഘത്തിന്റെ ബൈലായ്ക്കും വിധേയമായി വിനിയോഗിക്കാവുന്നതാണ്.

(ഡി) കേരള സഹകരണ നിയമം 56-ാം വകുപ്പുപ്രകാരം സംഘത്തിന്റെ ബൈലായ്ക്ക് വിധേയമായി അറ്റാദായം വിഭജിച്ച് വിനിയോഗിക്കാവുന്നതാണ്.

139 (283) സഹകരണ മേഖലയിൽ എൻജിനീയറിംഗ് കോളേജുകൾ

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ എൻജിനീയറിംഗ് കോളേജുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിൽ, ഇതുമൂലം ഓരോ വർഷവും എത്ര വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളിലായി പ്രവേശനം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly